# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

ഒരു രൂപാ/രണ്ടു രൂപാ നിരക്കിലുള്ള അരി വിതരണം

4547 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു രൂപയ്ക്കുളള അരി സംസ്ഥാനത്ത് എത്ര കുടുബങ്ങൾക്ക് നൽകി വരുന്നുണ്ട്; 2013 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ വിതരണം ചെയ്തതിന്റെ കണക്ക് പ്രത്യേകം നൽകാമോ;

(ബി) രണ്ട് രൂപ നിരക്കിലുളള അരി നിലവിൽ വിതരണം ചെയ്യുന്നുണ്ടോ; എങ്കിൽ എത്ര കാർഡുടമകൾക്ക് നൽകുന്നുണ്ട്;

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ഭക്ഷ്യസുരക്ഷാനിയമവും തുടർനടപടികളും</u>

4548 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും**
**രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ നിയമം അനുസരിച്ചുള്ള ഭക്ഷ്യ ധാന്യ വിതരണം നടപ്പാക്കിത്തുടങ്ങിയോ;

(ബി) പ്രസ്തുത നിയമം അനുസരിച്ച് എത്ര കിലോഗ്രാമം ഭക്ഷ്യധാന്യങ്ങളാണ് ഓരോ കാർഡ് ഉടമയ്ക്കും ഉറപ്പാക്കുന്നത്;

(സി) എത്ര കാർഡ് ഉടമകൾക്കും എത്ര വ്യക്തികൾക്കും ഏതെല്ലാം നിലയിലാണ് ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുന്നത്;

(ഡി) കാർഡ് ഉടമകൾക്ക് പ്രതിമാസം 5 കിലോഗ്രാം എന്ന വ്യവസ്ഥ ഭക്ഷ്യ സുരക്ഷനിയമത്തിൽ ഉൾക്കൊളളിച്ചിട്ടുളളത് നടപ്പാക്കുമ്പോൾ, കാർഡ് ഒന്നിന് ഇപ്പോൾ 25 കി.ഗ്രാം ഭക്ഷ്യ ധാന്യം കിട്ടിക്കൊണ്ടിരിക്കുന്നവർക്ക് കുറവ് വരുമോ;

(ഇ) ഭക്ഷ്യ സുരക്ഷാനിയമം ഉറപ്പ് തരുന്ന 35 കിലോഗ്രാം ഭക്ഷ്യധാന്യം ബി.പി.എൽ ലിസ്റ്റിലുളള എല്ലാവർക്കും ലഭിക്കുമോ; ഇല്ലെങ്കിൽ കാരണം എന്ത്;

(എഫ്) എ.പി.എൽ. വിഭാഗത്തിന് നിലവിൽ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങൾ നിയമം നടപ്പിലാക്കിയതിനുശേഷവും ലഭിക്കുമോ?

# കേരള നിയമസഭ
## 04.02.2014–ലെ മറുപടിക്ക്

<u>ഭക്ഷ്യസുരക്ഷാ നിയമവും റേഷന്‍ സംവിധാനവും</u>

4549 ശ്രീ. എസ്. രാജേന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുമ്പോള്‍ നിലവിലുള്ള റേഷന്‍ രീതിയില്‍ എന്തെല്ലാം മാറ്റങ്ങള്‍ വരുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഭക്ഷ്യ സുരക്ഷാ പദ്ധതിയില്‍ ഉള്‍പ്പെടാത്ത എത്ര ശതമാനം ജനങ്ങളുണ്ട്; ഇവര്‍ക്ക് നിലവിലുണ്ടായിരുന്നതുപോലെ റേഷന്‍ തുടര്‍ന്നും നല്‍കാന്‍ സാധ്യമാകുമോ; ഇല്ലെങ്കില്‍ കാരണമെന്ത്; ഇത് നിലവിലുള്ളത് പോലെ തുടരുന്നതിന് പ്രതിവര്‍ഷം എന്തു തുക ചെലവഴിക്കേണ്ടതായി വരും?

(സി) ഇവര്‍ക്കുള്ള റേഷന്‍ എ.പി.എല്‍. വിലയ്ക്ക് നല്‍കണമെന്ന ആവശ്യം കേന്ദ്ര ഗവണ്‍മെന്റ് പരിപൂര്‍ണ്ണമായി അംഗീകരിച്ച് ഉത്തരവായിട്ടുണ്ടോ; കേന്ദ്ര ഗവണ്‍മെന്റിന്റെ നിലപാട് വിശദമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>പൊതുവിതരണ ശൃംഖല</u>

4550 ശ്രീ. ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര റേഷന്‍ ഷോപ്പുകളുണ്ട് ;

(ബി) എത്ര റേഷന്‍കാര്‍ഡ് ഉടമകളാണ് അന്ത്യോദയ അന്ന യോജന പദ്ധതിയില്‍ ഉള്‍പ്പെട്ടിരിക്കുന്നത് ; അവര്‍ക്ക് കിട്ടുന്ന ആനുകൂല്യങ്ങള്‍ എന്തൊക്കെയാണ് ;

(സി) അന്ത്യോദയ സ്കീമില്‍പ്പെടാത്ത എത്ര പേര്‍ക്കാണ് ഒരു രൂപയ്ക്ക് അരി ലഭിക്കുന്നത് ; ഇപ്പോള്‍ ഒരു റേഷന്‍കാര്‍ഡ് ഉടമയ്ക്ക് എത്ര കിലോഗ്രാം അരിയാണ് പ്രതിമാസം ഒരു രൂപയ്ക്ക് നല്കുന്നത് ;

(ഡി) മറ്റ് റേഷന്‍കാര്‍ഡ് ഉടമകള്‍ക്ക് ഇപ്പോള്‍ റേഷന്‍ കാര്‍ഡില്‍നിന്നും ലഭിക്കുന്ന സേവനങ്ങള്‍ എന്തൊക്കെയാണ് ;

(ഇ) ഇപ്പോള്‍ ഇത്തരം വിഭാഗക്കാര്‍ക്ക് ലഭിക്കുന്ന അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ വില എത്ര വീതമാണ് ;

(എച്ച്) 2013-ലെ കേന്ദ്ര ഗവണ്‍മെന്റിന്റെ ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയെയും ഇപ്പോള്‍ ഭക്ഷ്യ വിതരണരംഗത്ത് നടപ്പിലാക്കുന്ന പദ്ധതികളെയും ഏതെല്ലാം തരത്തില്‍ ദോഷകരമായി ബാധിക്കും ;

(ഐ) ഇത് കേന്ദ്രഗവണ്‍മെന്റിന്റെ ശ്രദ്ധയില്‍പ്പെടുത്തുന്നതിനായി നടത്തിയ കത്തിടപാടുകളുടെ പകര്‍പ്പുകളും ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

ഭക്ഷ്യവസ്തുക്കളുടെ വില നിയന്ത്രണം

4551 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും**
**ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോറുകളിലും റേഷൻകടകളിലും ആവശ്യ സാധനങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) പൊതു വിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയാണ്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 04.02.2014–ലെ മറുപടിക്ക്

<u>സബ്സിഡിയോടുകൂടി ഭക്ഷ്യവസ്തുക്കളുടെ വിതരണം</u>

4552 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം സ്ഥാപനങ്ങൾ സർക്കാർ പ്രഖ്യാപിച്ച സബ്സിഡിയോടുകൂടി ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തുവരുന്നുണ്ട്;

(ബി) 2013 ഡിസംബർ 31 ലെ കണക്കുകൾ പ്രകാരം സബ്സിഡി ഇനത്തിൽ ഓരോ സ്ഥാപനത്തിനും കൊടുത്ത് തീർക്കാനുള്ള തുക എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>പുനലൂരിൽ ഭക്ഷ്യസാധന സംഭരണ കേന്ദ്രം</u>

4553 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും**
**രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ നിയമം നിലവിൽ വരുമ്പോൾ എല്ലാ ജില്ലയിലും സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) നിലവിൽ എതെല്ലാം കേന്ദ്രങ്ങളിലാണ് സ്ഥലം കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പുനലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഏതെങ്കിലും സ്ഥലങ്ങൾ ഇത്തരം കേന്ദ്രമാക്കുന്നതിനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഇതിന് അംഗീകാരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

ഭക്ഷ്യവകുപ്പിലെ അനധികൃത നിയമനവും സ്ഥലം മാറ്റവും

4554 ഡോ. കെ. ടി. ജലീല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും**
**രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഭക്ഷ്യവകുപ്പില്‍ നിയമനത്തിനും സ്ഥലം മാറ്റത്തിനും കോഴവാങ്ങിയത് സംബന്ധിച്ച് ആര്‍ക്കെല്ലാമെതിരെയാണ് പരാതി ഉയര്‍ന്നിരുന്നത്;

(ബി) അത് സംബന്ധിച്ച് വിജിലന്‍സ് അന്വേഷണം പൂര്‍ത്തിയാക്കി റിപ്പോര്‍ട്ട് സമര്‍പ്പിച്ചിരുന്നോ;

(സി) റിപ്പോര്‍ട്ടില്‍ കുറ്റവാളികളെന്ന് കണ്ടെത്തിയിട്ടുള്ളത് ആരെയൊക്കെയെന്ന് അറിയിക്കാമോ;

(ഡി) ആരോപണ വിധേയരായവരില്‍ ആരെയെല്ലാമാണ് ഒഴിവാക്കിയിട്ടുള്ളത്?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>റേഷൻ സംവിധാനം കാര്യക്ഷമമാക്കൽ</u>

4555 ശ്രീ. തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ സംവിധാനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് ഈ സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങളുടെ ലഭ്യതയും ഗുണനിലവാരവും ഉറപ്പ് വരുത്തുന്നതിന് പുതിയതായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

വിലക്കയറ്റത്തിനുള്ള കാരണങ്ങൾ

4556 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷനിംഗ് സമ്പ്രദായത്തിൽ നിലനിന്നിരുന്ന ശാസ്ത്രീയമായ പരിഷ്ക്കാരങ്ങളും അവസരോചിതമായ ഇടപെടലുകളും അവസാനിപ്പിച്ചതാണു ഇപ്പോഴത്തെ വിലക്കയറ്റത്തിന് കാരണമെന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ;

(ബി) അവശ്യവസ്തുക്കൾക്ക് മാർക്കറ്റിൽ അടിക്കടി ഉണ്ടാകുന്ന വിലക്കയറ്റത്തെ സംബന്ധിച്ച് പഠിച്ച് വിവരം നല്കാൻ വകുപ്പിൻ കീഴിൽ സംവിധാനം നിലനില്ക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ അവശ്യവസ്തുക്കളുടെ വിലനിലവാരം നിയന്ത്രിക്കാൻ ഏത് മാനദണ്ഡത്തെയാണ് ആശ്രയിക്കുന്നത്;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ അവശ്യവസ്തുക്കളുടെ വിലയിലുണ്ടായ വർദ്ധനവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ തുടർനടപടികൾ എന്തെങ്കിലും ആലോചിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>അരിവില നിലവാരം</u>

4557 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്തെ പ്രധാന ഇനം അരികളുടെ മാർക്കറ്റ് വില എത്രയായിരുന്നു;

(ബി) ഈ അരികളുടെ ഇപ്പോഴത്തെ മാർക്കറ്റ് വില എത്രയാണ്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരി വിലയിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്;

(ഡി) അരിവില നിയന്ത്രിച്ചു നിർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഈ നടപടികൾ ഫലപ്രദമാണെന്ന് വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 04.02.2014–ലെ മറുപടിക്ക്

<u>റേഷൻ സംവിധാനം നിലനിർത്തുന്നതിനുള്ള ചെലവ്</u>

4558 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻസാധനങ്ങൾ ഏറ്റെടുത്ത് വിതരണം ചെയ്യുന്നതിന് ധാന്യങ്ങളുടെ കടത്ത് കൈകാര്യം ചെയ്യൽ, റേഷൻ കടക്കാരുടെ കമ്മീഷൻ തുടങ്ങി ഏതെല്ലാം ഇനത്തിൽ മൊത്തം എന്ത് തുക ചെലവ് വരുന്നുണ്ട്; കഴിഞ്ഞ ഒരു വർഷക്കാലത്തെ കണക്കുകളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) ഇതിൽ എന്തു തുക വീതം സിവിൽ സപ്ലൈസ് കോർപ്പറേഷനും റേഷൻ കടക്കാരും വഹിക്കേണ്ടിവരുന്നു; വ്യക്തമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് മറ്റേതെങ്കിലും സംവിധാനത്തിന് ഇതിനായി ചിലവ് വരുന്നുണ്ടോ; എങ്കിൽ ആർക്ക് എത്ര തുക നൽകിവരുന്നു; വെളിപ്പെടുത്താമോ;

(ഡി) ഭക്ഷ്യസുരക്ഷാ നിയമമനുസരിച്ച് ചെലവിന്റെ എത്ര ശതമാനം കേന്ദ്ര ഗവൺമെന്റ് വഹിക്കും; അതുവഴി ബാധ്യത എത്ര കോടി രൂപയാണ്; വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 04.02.2014–ലെ മറുപടിക്ക്

റേഷൻ സബ്സിഡിയും ആധാർ കാർഡും

4559 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ഏപ്രിൽ മാസത്തിൽ ഒരു എ.പി.എൽ. കാർഡുടമയ്ക്ക് സബ്സിഡിയോടു കൂടിയും അല്ലാതെയും ലഭിച്ചിരുന്ന ഭക്ഷ്യധാന്യത്തിന്റെ അളവും വിലയും വ്യക്തമാക്കുമോ;

(ബി) 2014 ജനുവരി മാസത്തിൽ ഒരു എ.പി.എൽ. കാർഡുടമയ്ക്ക് സബ്സിഡിയോടു കൂടിയും അല്ലാതെയും ലഭിച്ച ഭക്ഷ്യധാന്യത്തിന്റെ അളവും വിലയും വ്യക്തമാക്കുമോ;

(സി) റേഷൻ സബ്സിഡി ആധാർ കാർഡ് – ബാങ്ക് – ലിങ്ക് വഴിയാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; ഇല്ലെങ്കിൽ അപ്രകാരം ചെയ്യാൻ ആലോചിക്കുന്നുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) റേഷൻ കടകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

എ. പി. എൽ. റേഷൻ വിതരണത്തിലെ കുറവ്

4560 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകൾ വഴി എ. പി. എൽ. വിഭാഗക്കാർക്ക് നൽകി വന്നിരുന്ന ഭക്ഷ്യവസ്തുക്കളിൽ വെട്ടിക്കുറവ് വരുത്തുകയുണ്ടായോ;

(ബി) ഏതെല്ലാം ഇനങ്ങളിൽ എത്ര അളവിലാണ് വെട്ടിക്കുറവ് വരുത്തിയത് എന്ന് വ്യക്തമാക്കാമോ;

(സി) ഭക്ഷ്യവസ്തുക്കൾ വെട്ടിക്കുറക്കുന്നതിന് ഉണ്ടായ കാരണങ്ങൾ വിശദമാക്കാമോ;

(ഡി) എ. പി. എൽ. വിഭാഗങ്ങൾക്ക് ഗോതമ്പും പച്ചരിയും വിതരണം ചെയ്യുന്നുണ്ടോ; എങ്കിൽ 2013 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ വിതരണം ചെയ്തതിന്റെ കണക്ക് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ</u>

4561 ശ്രീ. എം. ഉമ്മർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, പി. ബി. അബ്ദുൾ റസാക്
,, കെ. എൻ എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ടവർക്ക് സൗജന്യമായും കുറഞ്ഞ വിലയിലും നല്കേണ്ട റേഷൻ സാധനങ്ങൾ മൊത്തമായി കടത്തിക്കൊണ്ടു പോകുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇത്തരം എത്ര കേസുകൾ പിടിച്ചിട്ടുണ്ടെന്നതിന്റെ വിശദവിവരം നൽകാമോ;

(സി) റേഷൻ വിതരണ സംവിധാനത്തിലെ ക്രമക്കേട് തടയുന്നതിന് ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തൊക്കെ മാറ്റം വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>റേഷൻ മണ്ണെണ്ണ വിതരണം</u>

4562 ശ്രീ. എളമരം കരീം
ഡോ. കെ.ടി. ജലീൽ
ശ്രീ. എം. ചന്ദ്രൻ
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ മണ്ണെണ്ണ വിതരണത്തിൽ വൻതോതിൽ തട്ടിപ്പുകൾ നടന്നു വരുന്നതായുള്ള ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൈദ്യുതീകരിക്കാത്ത വീട്ടുടമകളായ കാർഡുടമകൾക്ക് ഒരു ആഴ്ചയിൽ നൽകുന്ന മണ്ണെണ്ണ എത്രയാണ്; വൈദ്യുതീകരിച്ച വീട്ടുടമകൾക്ക് നൽകിവരുന്നതെത്ര; ഇത് ഏറ്റവും കൂടിയ അളവിൽ നൽകിയിരുന്നത് എപ്പോഴായിരുന്നു; എത്ര ലിറ്റർ വീതമായിരുന്നു എന്ന് അറിയിക്കാമോ;

(സി) കാർഡുടമകൾ അറിയാതെ മണ്ണെണ്ണ കൂടിയ വിലയ്ക്ക് കൈമാറപ്പെടുന്നതായി അറിവുണ്ടോ; ബന്ധപ്പെട്ട ഉദ്യോഗസ്ഥരും റേഷൻ ഷോപ്പുകാരും ചേർന്ന് നടത്തി വരുന്ന ഈ തട്ടിപ്പിനെ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>അനധികൃത മണ്ണെണ്ണ വില്പന</u>

4563 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനധികൃതമായി മണ്ണെണ്ണ സൂക്ഷിക്കുന്ന കേന്ദ്രങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കേന്ദ്രങ്ങളിലാണ് പരിശോധന നടത്തിയത്; വിശദാംശം നൽകാമോ;

(സി) അനധികൃതമായി മണ്ണെണ്ണ കടത്തുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസ് നിലവിലുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത കേസിന്റെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>ഭക്ഷ്യധാന്യത്തിലെ കേന്ദ്രവിഹിതം</u>

4564 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഭക്ഷ്യ ധാന്യ വിഹിതത്തിൽ കേന്ദ്രം വർദ്ധന വരുത്തിയിട്ടുണ്ടോ;

(ബി) 2011 - ജൂൺ മാസം മുതൽ നാളിതുവരെ കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുള്ള അരി, ഗോതമ്പ് എന്നിവയുടെ വിഹിതം ഓരോ തവണയും എത്രയാണെന്നു വ്യക്തമാക്കുമോ;

(സി) ഓരോ മാസവും വിതരണം നടത്തിയ ഭക്ഷ്യധാന്യങ്ങളുടെ വിവരം വ്യക്തമാക്കുമോ;

(ഡി) നിലവിൽ എത്ര ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്ക് ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരമേറ്റ ദിവസം ഗോഡൗണുകളിലെ ധാന്യശേഖരം എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 04.02.2014–ലെ മറുപടിക്ക്

<u>കേന്ദ്രസർക്കാർ പ്രഖ്യാപിച്ച റേഷൻ വിതരണം</u>

4565 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷയുടെ ഭാഗമായി റേഷൻ കടകൾ വഴി കിലോയ്ക്ക് മൂന്ന് രൂപ നിരക്കിൽ അരിയും രണ്ട് രൂപയ്ക്ക് ഗോതമ്പും ഒരു രൂപയ്ക്ക് ധാന്യങ്ങളും ലഭ്യമാക്കുമെന്ന് കേന്ദ്രസർക്കാർ നടത്തിയിട്ടുള്ള പത്രപ്പരസ്യ പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയാമോ;

(ബി) കേന്ദ്രസർക്കാർ പ്രഖ്യാപിച്ച നിരക്കിൽ റേഷൻ കടകൾ വഴി ഈ സാധനങ്ങൾ ലഭ്യമാണോ; ഇല്ലെങ്കിൽ എപ്പോൾ മുതൽ ലഭ്യമാക്കുമെന്ന് പറയാമോ;

(സി) കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ഈ സാധനങ്ങൾ കേരളത്തിൽ ഇതുവരെ റേഷൻ കടകൾ വഴി ലഭ്യമാക്കിയിട്ടില്ലെന്ന റേഷൻ ഡീലേഴ്സ് ഭാരവാഹികളുടെ പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്
റേഷൻ വിതരണരംഗത്ത് നടക്കുന്ന വെട്ടിപ്പ്

4566 ശ്രീ. എസ്. ശർമ്മ
,, ബി. സത്യൻ
,, എം. ഹംസ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണരംഗത്ത് നടക്കുന്ന വെട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിതരണക്കാർ അളവിൽ കുറവ് വരുത്തുന്നതായ കാര്യം അറിയാമോ ;

(സി) ഗോഡൗണുകളിൽ ശേഖരിക്കുന്ന ധാന്യം സ്വകാര്യ കച്ചവടത്തിനായി ഉപയോഗിക്കുന്നത് അറിവുള്ളതാണോ ;

(ഡി) ഇക്കാരണങ്ങളാൽ ഉപഭോക്താവിന് റേഷൻ വിഹിതം അർഹതപ്പെട്ടതിലും കുറഞ്ഞ അളവിൽ ലഭ്യമാകുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

പൊതുവിതരണ മേഖലയിൽ ഗോതമ്പിന്റെ വിതരണം

4567 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ മേഖലയിൽ ഗോതമ്പിന്റെ വിതരണം ഫലപ്രദമായി നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗോതമ്പിന്റെ വിതരണം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(സി) 2011 മുതൽ 2014 ജനുവരി വരെയുള്ള കാലയളവിൽ പൊതുവിതരണ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്ത ഗോതമ്പിന്റെ വിലവിവരപട്ടിക നൽകാമോ;

(ഡി) ഗോതമ്പിന്റെ വിലവർദ്ധനവ് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>എ. പി. എൽ. ആയി മാത്രമുള്ള റേഷൻ കാർഡ് വിതരണം</u>

T.4568 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും**
**രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി അനുവദിക്കുന്ന റേഷൻ കാർഡുകൾ മാനദണ്ഡങ്ങൾ പരിശോധിക്കാതെ എ. പി. എൽ. ആയി മാത്രം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്മേൽ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 04.02.2014–ലെ മറുപടിക്ക്

<u>റേഷൻ കാർഡ് എ. പി. എൽ. –ൽനിന്നും ബി. പി. എൽ. ആയി മാറ്റി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ</u>

4569 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

റേഷൻകാർഡ് എ.പി.എൽ.–ൽനിന്നും ബി.പി.എൽ. ആയി മാറ്റി ലഭിക്കുന്നതിനുള്ള എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിക്കേണ്ടതെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

ബി.പി.എൽ റേഷൻ കാർഡ് അപേക്ഷകൾ

4570 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ ബി.പി.എൽ റേഷൻ കാർഡ് ലഭിക്കുന്നതിന് എത്ര അപേക്ഷകളാണ് 2012 ജനുവരിക്കുശേഷം നാളിതുവരെ ലഭിച്ചതെന്നും, എത്ര അപേക്ഷകൾ പരിഗണിച്ചുവെന്നും പഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) പരിഗണിക്കാത്ത അപേക്ഷകളിന്മേൽ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടിയെന്തെന്നും, എന്നത്തേക്ക് തീർപ്പ് കൽപ്പിക്കുമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>എ. പി. എൽ. കാർഡ് ബി. പി. എൽ. ആക്കുന്നതിനുള്ള അപേക്ഷ</u>

4571 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും**
**ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എ. പി. എൽ. കാർഡുകൾ ബി. പി. എൽ. ആക്കി നൽകുന്നതിനുള്ള അപേക്ഷകൾ ഇപ്പോൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

എ. പി. എൽ - ബി. പി. എൽ കാർഡുകൾ സംബന്ധിച്ച്

4572 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എ. പി. എൽ പട്ടികയിൽ നിന്ന് ബി. പി. എൽ. പട്ടികയിലേക്ക് മാറുന്നതിന് സ്വീകരിക്കേണ്ട നടപടികൾ വിശദമാക്കുമോ;

(ബി) ഇങ്ങനെ മാറ്റുന്നതിന് നേരിടുന്ന കാലതാമസം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

റാന്നി താലൂക്കിലെ റേഷൻ സംഭരണ കേന്ദ്രം

4573 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിലൂടെ ഇപ്പോൾ റേഷൻ കാർഡുടമകൾക്ക് നൽകി വരുന്നത് എന്തൊക്കെ സാധനങ്ങൾ എത്രയളവിലാണ് എന്ന് വ്യക്തമാക്കാമോ; റേഷൻ സാധനങ്ങൾ കൃത്യമായി യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ സംവിധാനങ്ങളാണ് സിവിൽ സപ്ലൈസ് വകുപ്പിനുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) റേഷൻ കടകളിലേക്ക് സാധനങ്ങൾ ഇപ്പോൾ വിതരണം നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗമെന്താണ്;

(സി) ഒരു താലൂക്കിലെ മുഴുവൻ റേഷൻ കടകൾക്കും നൽകേണ്ട സാധനങ്ങൾ ഒരു സംഭരണ കേന്ദ്രത്തിൽ സൂക്ഷിക്കുന്നതിനായി താലൂക്കിൽ ഒന്ന് എന്ന നിരക്കിൽ നിർമ്മിക്കാനുദ്ദേശിച്ച സംഭരണകേന്ദ്രങ്ങളുടെ നിർമ്മാണം ഏതെങ്കിലും സ്ഥലത്ത് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെ;

(ഡി) റാന്നി താലൂക്കിനുവേണ്ടി ഇത്തരം സംഭരണകേന്ദ്രം നിർമ്മിക്കുന്നതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എവിടെ; എത്ര സ്ഥലമാണ് കണ്ടെത്തിയിട്ടുള്ളത്; ഈ സ്ഥലം സിവിൽ സപ്ലൈസ് വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ; അടിയന്തരമായി ഈ സ്ഥലം ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2014–ലെ മറുപടിക്ക്
<u>കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിക്കുള്ള റേഷൻ വിതരണം</u>

T.4574 ശ്രീ.ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടിയിലെ ഗാന്ധിഗ്രാം ത്വക്ക്രോഗാശുപത്രിയിലെ 213 ഓളം വരുന്ന അന്തേവാസികൾക്ക് മാസങ്ങളായി പഞ്ചസാര, അരി, ഗോതമ്പ് എന്നീ റേഷൻ സാധനങ്ങളും സ്റ്റൈപ്പന്റും വിതരണം ചെയ്യാത്തത് ശ്രദ്ധയിൽപ്പട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിലെ നിലാരംബരായ അന്തേവാസികളെ ബി.പി.എൽ വീഭാഗത്തിൽ നിലനിർത്തി, റേഷൻ സാധനങ്ങൾ അടിയന്തരമായി വിതരണം ചെയ്യുന്നതിനും, സ്റ്റൈപ്പന്റ് നൽകുന്നതിനും, രോഗികളുടെ സൊസൈറ്റിക്ക് നൽകാനുള്ള തുക അനുവദിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ റേഷൻ വിതരണം</u>

4575 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ നിലവിൽ എത്ര കുടുംബങ്ങൾക്കാണ് റേഷൻ കാർഡ് ഇല്ലെന്ന് കണ്ടെത്തിയിട്ടുള്ളത്;

(ബി) ഈ സർക്കാർ വന്നതിനുശേഷം അട്ടപ്പാടിയിൽ എത്ര റേഷൻ കാർഡുകൾ പുതുതായി അനുവദിച്ചിട്ടുണ്ട്; ഇതിൽ എത്രയെണ്ണം ആദിവാസികൾക്ക് അനുവദിച്ചു; ആദിവാസികൾക്ക് അനുവദിച്ചതിൽ എ.പി.എൽ. കാർഡുകൾ ഉണ്ടോ; എങ്കിൽ എത്രയെണ്ണം;

(സി) അട്ടപ്പാടിയിലെ ആദിവാസികളിൽ നിലവിൽ എ.പി.എൽ. കാർഡുള്ളത് എത്ര പേർക്കാണ്;

(ഡി) അട്ടപ്പാടിയിലെ ആദിവാസികളിൽ എ.പി.എൽ. റേഷൻ കാർഡുള്ള എത്രപേർ ബി.പി.എൽ. ആക്കിമാറ്റാൻ അപേക്ഷ നൽകി; എത്രപേർക്ക് അപ്രകാരം മാറ്റി നൽകി;

(ഇ) അട്ടപ്പാടിയിലെ റേഷൻ കടകൾ വഴി ആദിവാസികൾക്ക് നിലവിൽ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ പേരും അളവും വിലയും വ്യക്തമാക്കുമോ;

(എഫ്) അട്ടപ്പാടിയിലെ ആദിവാസികൾക്ക് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ അളവെത്രയാണ്?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>എൻഡ് ടു എൻഡ് റേഷൻകട നവീകരണ പദ്ധതി</u>

4576 ശ്രീ. സി. മോയിൻകുട്ടി
,, എൻ. ഷംസുദ്ദീൻ
,, പി. കെ. ബഷീർ
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡ് ടു എൻഡ് പദ്ധതി പ്രകാരമുള്ള റേഷൻകട നവീകരണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതിലൂടെ റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത എത്രത്തോളം അവസാനിപ്പിക്കാൻ സാധിക്കുന്നതാണ്;

(സി) അവശരായ മുതിർന്ന പൗരർ, ചലനശേഷിയില്ലാത്ത രോഗികൾ, വികലാംഗർ എന്നിവർക്ക് അർഹതപ്പെട്ട റേഷൻ സാധനങ്ങൾ വീടുകളിൽ എത്തിച്ചു നൽകാനുള്ള സംവിധാനം ഈ പദ്ധതി വിഭാവനം ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>പുതിയ റേഷൻകടകൾ</u>

4577 ശ്രീ. പി. സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കടകൾ തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഇവ നടപ്പാക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ടെന്നറിയിക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കല്‍പ്പറ്റ മുണ്ടേരിയില്‍ റേഷന്‍ കട</u>

4578 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കല്‍പ്പറ്റ നിയോജകമണ്ഡലത്തിലെ മുണ്ടേരി എന്ന സ്ഥലത്ത് പുതിയ റേഷന്‍കട ആരംഭിക്കുന്നതിനുളള നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് പുതിയ റേഷന്‍കട ആരംഭിക്കുന്നതിനുളള തടസ്സങ്ങള്‍ വ്യക്തമാക്കുമോ;

(സി) വകുപ്പുതല റിപ്പോര്‍ട്ടിലെ അപാകതകള്‍ പരിഹരിച്ച് പ്രസ്തുത സ്ഥലത്ത് റേഷന്‍കട ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>സിവിൽ സപ്ലൈസ് കോർപ്പറേഷന് സബ്സിഡി</u>

4579 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ വർഷവും സിവിൽ സപ്ലൈസ് കോർപ്പറേഷന് സബ്സിഡിയായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ നൽകാമോ ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇത്തരത്തിൽ അനുവദിച്ചിരുന്ന സബ്സിഡി തുകയേക്കാൾ കുറച്ച് മാത്രമേ ഈ സർക്കാർ അനുവദിച്ചിട്ടുള്ളൂ എന്നത് ശരിയാണോ ; എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;

(സി) കരാറുകാർക്ക് എത്ര കുടിശ്ശികയാണ് കൊടുത്തുതീർക്കുവാനുള്ളതെന്ന് അറിയിക്കാമോ ;

(ഡി) കരാറുകാർക്ക് കുടിശ്ശിക തുക നൽകാത്തതിനാൽ അവർ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ടെണ്ടറുകൾ ബഹിഷ്കരിക്കുകയുൾപ്പെടെ ചെയ്തിട്ടില്ലേ ;

(ഇ) എങ്കിൽ അതിനെതുടർന്ന് സർക്കാർ സ്വീകരിച്ച പരിഹാര നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 04.02.2014–ലെ മറുപടിക്ക്

**ഉത്സവകാലങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഔട്ട്‌ലെറ്റുകളിലെ വിലനിലവാരം**

4580 ശ്രീ.എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്‌ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ലെ ഓണം, റംസാൻ കാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഔട്ട്‌ലറ്റുകൾ വഴി വിറ്റുകൊണ്ടിരുന്ന അവശ്യസാധനങ്ങളുടെ വില കിലോഗ്രാമിന് എത്ര രൂപയായിരുന്നു; ആ ഘട്ടത്തിൽ ഓരോ സാധനത്തിനും നൽകിവന്ന സബ്സിഡി എത്ര രൂപ വീതമായിരുന്നു;

(ബി) ഇത് 2013–ലെ ഓണം, റംസാൻ കാലത്ത് എത്രയായിരുന്നു; എത്ര ശതമാനം വീതം വർദ്ധന ഓരോ അവശ്യ സാധനങ്ങളുടെ വിലയിലുമുണ്ടായി; മുൻ വർഷത്തെ അപേക്ഷിച്ച് 2013 ൽ ഏതെല്ലാം സാധനങ്ങളുടെ സബ്സിഡി കുറയ്ക്കുകയുണ്ടായി; വിശദമാക്കാമോ;

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട്‌ലറ്റുകളുടെ എണ്ണത്തിൽ 2013 ഓണം റംസാൻ കാലത്ത് ഉണ്ടായ വർദ്ധന എത്ര? 2012 ലെ ഓണം, റംസാൻ കാലത്തെ വിറ്റുവരവ് മൊത്തം എത്ര; ഇത് 2013 ൽ എത്രയായി വർദ്ധിച്ചു; മുൻവർഷത്തെ അപേക്ഷിച്ച് ആനുപാതികമായ വർദ്ധന ഉണ്ടായിട്ടില്ലാത്തതിന്റെ കാരണം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>അസിസ്റ്റന്റ് സെയിൽസ്മാൻ - ആലപ്പുഴ ജില്ല</u>

4581 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ, സിവിൽ സപ്ലൈസ് കോർപ്പറേഷനു കീഴിൽ അസിസ്റ്റന്റ് സെയിൽസ്മാൻമാരുടെ എത്ര തസ്തികകൾ ഉണ്ട്; നിലവിൽ എത്ര പേർ ഈ തസ്തികയിൽ ജോലി ചെയ്യുന്നു; ഇതിൽ പി. എസ്. സി മുഖേന നിയമനം ലഭിച്ചവർ എത്ര; താല്കാലിക ജീവനക്കാർ എത്ര; വ്യക്തമാക്കാമോ?

(ബി) ആലപ്പുഴ ജില്ലയിൽ, സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ അസിസ്റ്റന്റ് സെയിൽസ്മാൻമാരുടെ എത്ര തസ്തികകൾ ഒഴിവുണ്ട്; ഒഴിവുള്ള തസ്തികകൾ നിയമനത്തിനായി പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

ജനസമ്പർക്ക പരിപാടിക്കുള്ള പിരിവ്

4582 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറത്ത് നടന്ന മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ ചെലവിലേക്ക് സിവിൽ സപ്ലൈസ് വകുപ്പ് ഉദ്യോഗസ്ഥർ പണപ്പിരിവ് നടത്തിയിരുന്നോ; ഇത് സംബന്ധിച്ച് വന്ന മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റേഷൻ വിതരണക്കാർ മൊത്ത വ്യാപാരികൾ, ഗ്യാസ് ഏജൻസികൾ എന്നിവരിൽ നിന്നും പണപിരിവ് നടത്തിയിരുന്നോ;

(സി) ആകെ എന്ത് തുക ഇവരിൽ നിന്നുംപിരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പിരിച്ച പണത്തിന് രശീതി നൽകിയിരുന്നോ;

(ഡി) സിവിൽ സപ്ലൈസ് വകുപ്പിൽ നിലനിൽക്കുന്ന വൻതോതിലുള്ള അഴിമതിക്ക് ഈ നടപടി ആക്കം കൂട്ടുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>പാചകവാതക വാഹന ചാർജ്ജ്</u>

4583 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാചകവാതക വിതരണ ഏജൻസികൾ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന സിലിണ്ടറുകളുടെ വില ഈടാക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ബി) സിലിണ്ടറുകളുടെ വിതരണത്തിനായി വാഹനചാർജ് കണക്കാക്കുന്നത് എങ്ങിനെയെന്ന് വെളിപ്പെടുത്തുമോ ;

(സി) എല്ലാ ഏജൻസികൾക്കും ഓരോ രീതിയിലാണോ ചാർജ്ജുകൾ ഈടാക്കാനുള്ള അനുവാദം എന്നകാര്യവും വെളിപ്പെടുത്തുമോ ;

(ഡി) സിലിണ്ടറുകളുടെ വിതരണവുമായി ബന്ധപ്പെട്ട് ഉപഭോക്താക്കളുടെ പരാതികൾ ആർക്കാണ് സമർപ്പിക്കേണ്ടതെന്നും പരാതികൾ പറയേണ്ട ഫോൺ നമ്പരുകൾ ഏതെന്നും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിലെ ഗ്യാസ് സിലിണ്ടർ വിതരണം</u>

4584 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ഗ്യാസ് സിലിണ്ടർ വിതരണം ചെയ്യുന്നതിന് എത്ര ഏജൻസികളാണ് നിലവിലുള്ളതെന്നും എത്ര ഗുണഭോക്താക്കളുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) യഥാസമയം ആവശ്യാനുസരണം സിലിണ്ടർ വിതരണം ചെയ്യുന്നതിൽ പ്രസ്തുത ഏജൻസികൾ വീഴ്ചവരുത്തുന്നതു സംബന്ധിച്ച എത്ര പരാതികൾ ലഭിച്ചുവെന്നും, അതിന്മേൽ സ്വീകരിച്ച നടപടിയെന്തെന്നും വ്യക്തമാക്കുമോ;

(സി) മുൻകൂട്ടി ബുക്ക് ചെയ്തിട്ടും ഗ്യാസ് വിതരണം ചെയ്തുവെന്ന രീതിയിൽ ഉപഭോക്താക്കൾക്കു ഫോൺ മെസ്സേജ് നൽകുകയും, എന്നാൽ, യഥാർത്ഥത്തിൽ ഗ്യാസ് വിതരണം ചെയ്യാതെ ബുദ്ധിമുട്ടിക്കുകയും ചെയ്യുന്ന ഏജൻസികൾക്കെതിരെ എന്തു നടപടിയാണു സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്
ചാലക്കുടിയിൽ പെട്രോൾ പമ്പ്, ഗ്യാസ് ഔട്ട്ലെറ്റ്, ഹൈപ്പർ മാർക്കറ്റ്, പീപ്പിൾസ് ബസാർ

4585 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ഭക്ഷ്യ-സിവിൽസപ്ലൈസ് വകുപ്പിനുകീഴിൽ പെട്രോൾ പമ്പ്, ഗ്യാസ് ഔട്ട്ലെറ്റ്, ഹൈപ്പർ മാർക്കറ്റ്, പീപ്പിൾസ് ബസാർ എന്നിവ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) കൊരട്ടി പഞ്ചായത്തിലെ വാലുങ്ങാമുറിയിലും, മേലൂർ പഞ്ചായത്തിലെ അടിച്ചിലിയിലും മാവേലിസ്റ്റോറുകൾ അനുവദിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>മാവേലിസ്റ്റോറുകളിലെ സാധനങ്ങളുടെ ഗുണനിലവാരവും വിലനിലവാരവും</u>

4586 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിസ്റ്റോറുകളിലൂടെ വിതരണം നടത്തുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(ബി) മാവേലിസ്റ്റോറുകളിലൂടെ വിതരണം നടത്തുന്ന സാധനങ്ങളുടെയും പൊതുവിപണിയിൽ വിതരണം നടത്തുന്ന സാധനങ്ങളുടെയും വിലനിലവാരം സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) മാവേലിസ്റ്റോറിലൂടെ വിതരണം നടത്തുന്ന മുഴുവൻ സാധനങ്ങൾക്കും സബ്സിഡി നൽകുമോ; ഇതിനായി നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>വടകര മണ്ഡലത്തിലെ മാവേലി സ്റ്റോറുകള്‍</u>

4587 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വടകര മണ്ഡലത്തില്‍ എത്ര മാവേലി സ്റ്റോറുകള്‍ പ്രവര്‍ത്തിക്കുന്നുണ്ട്;

(ബി) ഇത് എവിടെയൊക്കെയാണ് സ്ഥിതി ചെയ്യുന്നത്;

(സി) മത്സ്യത്തൊഴിലാളികള്‍ക്ക് വടകരയില്‍ പ്രത്യേക മാവേലി സ്റ്റോറുകള്‍ അനുവദിച്ചിട്ടുണ്ടോ; എങ്കില്‍ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) വടകരയില്‍ സിവില്‍ സപ്ലൈസിന്റെ കീഴില്‍ എത്ര ഹോള്‍സെയില്‍ ഡിപ്പോകള്‍ പ്രവര്‍ത്തിക്കുന്നുണ്ട്; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>പാളയം കണ്ണിമാറാ മാർക്കറ്റിലെ മാവേലിസ്റ്റോർ</u>

4588 ശ്രീ. കെ. മുഹമ്മദുണ്ണിഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പാളയം കണ്ണിമാറാ മാർക്കറ്റിൽ പ്രവർത്തിക്കുന്ന മാവേലിസ്റ്റോറിലെ സ്ഥലപരിമിതി മൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൂടുതൽ സ്ഥലം ലഭ്യമാക്കി കൂടുതൽ സാധനങ്ങൾ വില്ക്കുന്നതിനും തിരക്ക് കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) ഇവിടെയുള്ള ഇലക്ട്രോണിക് വെയ്യിംഗ് മെഷീനിലെ റീഡിംഗ് വാങ്ങുന്നവർക്കുകൂടി കണ്ട് അളവ് ശരിയാണെന്ന് ബോദ്ധ്യം വരുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുമോ;

(ഡി) സബ്സിഡൈസ്ഡ് നിരക്കിൽ സാധനങ്ങൾ വാങ്ങുമ്പോൾ സബ്സിഡി ഇല്ലാത്ത പാക്ക്ഡ് ഐറ്റംസ് കൂടി വാങ്ങണമെന്ന നിബന്ധന നിലവിലുണ്ടോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>മാവേലി ഹോട്ടലുകൾ വ്യാപകമാക്കാൻ നടപടി</u>

4589 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എവിടെയൊക്കെയാണ് മാവേലി ഹോട്ടലുകൾ പ്രവർത്തനം തുടങ്ങിയതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) മാവേലി ഹോട്ടലുകളിലെ വില നിലവാരം വ്യക്തമാക്കുമോ;

(സി) മാവേലി ഹോട്ടലുകൾ വ്യാപകമായി തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>നെന്മാറ നിയോജക മണ്ഡലത്തിലെ നെല്ല് സംഭരണം</u>

4590 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ ഇക്കഴിഞ്ഞ സീസണിൽ എത്ര ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) നെല്ല് സംഭരണത്തിന്റെ ചുമതല ഏതെല്ലാം ബാങ്കുകളെയാണ് ഏൽപ്പിച്ചത്; വിശദാംശം നൽകുമോ;

(സി) സംഭരണ വില യഥാസമയം നൽകാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഡി) സംഭരണവില നൽകാൻ ഇനിയും കുടിശ്ശികയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

2012-13, 2013-14 വര്‍ഷങ്ങളിലെ നെല്ല് സംഭരണം

4591 ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2012-13, 2013-14 വര്‍ഷങ്ങളില്‍ സംസ്ഥാനത്ത് ആകെ സംഭരിച്ച നെല്ലിന്റെ അളവ് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയുടെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>സപ്ലൈകോ വഴി കുത്തരി വിതരണ പദ്ധതി</u>

4592 ശ്രീ. എം. എ. വാഹീദ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വഴി കുറഞ്ഞ വിലയ്ക്ക് കുത്തരി വിതരണ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇവ നടപ്പാക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

സപ്ലൈകോയുടെ പ്രവർത്തനം

4593 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയ്ക്ക് എത്ര വിതരണകേന്ദ്രങ്ങൾ നിലവിലുണ്ട്; ഇതിലൂടെ പ്രതിവർഷം ശരാശരി എത്ര കോടി രൂപയുടെ വിറ്റുവരവുണ്ട്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന് നടപ്പുസാമ്പത്തികവർഷം ഡിസംബർ 31 വരെ എത്ര കോടി രൂപയുടെ വിറ്റുവരവുണ്ട്; വ്യക്തമാക്കുമോ;

(സി) സപ്ലൈകോയിൽ നിലവിൽ എത്ര ഉദ്യോഗസ്ഥർ വിജിലൻസ് അന്വേഷണം നേരിടുന്നു; അവർ ആരെല്ലാം;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ എത്രപേരെ ടി സ്ഥാപനത്തിൽ മാനേജിങ് ഡയറക്ടർമാരായി നിയമിച്ചു; ഇതിൽ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥനല്ലാത്ത ആരെങ്കിലും ഉണ്ടായിരുന്നോ; വ്യക്തമാക്കുമോ;

(ഇ) ഇപ്പോൾ സപ്ലൈകോയിലെ മാനേജിങ് ഡയറക്ടർ ആരാണ്; ഇദ്ദേഹം സിവിൽ സർവ്വീസ് ഉദ്യോഗസ്ഥനാണോ; അല്ലെങ്കിൽ, ഇദ്ദേഹം മുമ്പ് ഏതു സ്ഥാപനത്തിൽ എന്തു പദവി വഹിച്ച ഉദ്യോഗസ്ഥനായിരുന്നു; വ്യക്തമാക്കുമോ;

(എഫ്) സിവിൽ സർവ്വീസ് ഉദ്യോഗസ്ഥനല്ലാത്ത വ്യക്തിയെ മാനേജിങ് ഡയറക്ടറായി നിയമിച്ചതുമൂലം സപ്ലൈകോ ഭരണപ്രതിസന്ധി നേരിടുന്നതായി കരുതുന്നുണ്ടോ; എങ്കിൽ, ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കും; വ്യക്തമാക്കുമോ;

(ജി) ഇതിന് വകുപ്പുമന്ത്രിയുടെ അനുമതി ഉണ്ടായിരുന്നുവോ; ഇല്ലെങ്കിൽ ഇതിനു പിന്നിൽ പ്രവർത്തിച്ച ഉദ്യോഗസ്ഥർ ആരെല്ലാമെന്നും ഇവർക്കെതിരെ എന്തു നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

സപ്ലൈകോ മാനേജിംഗ് ഡയറക്ടറുടെ നിയമനം

4594 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസ് ഉദ്യോഗസ്ഥനല്ലാത്ത വ്യക്തിയെ സപ്ലൈകോ മാനേജിംഗ് ഡയറക്ടറായി നിയമിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(ബി) ബോർഡ് അംഗമായ വ്യക്തിയെ മാത്രമേ പൊതുമേഖലാ സ്ഥാപനങ്ങളുടെ എം. ഡി ആയി നിയമിക്കാൻ പാടുള്ളൂ എന്ന ഉത്തരവ് നിലവിലുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് എത്ര പേർ നാളിതുവരെ സപ്ലൈകോ എം.ഡി യായി സ്ഥാനം വഹിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>സപ്ലൈകോയുടെ സ്ഥാപനങ്ങളിലെ ദിവസ വേതനക്കാർ</u>

4595 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ സ്ഥാപനങ്ങളിൽ റിട്ടയർ ചെയ്ത ജീവനക്കാർ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ജീവനക്കാർ ഇങ്ങനെ ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കുമോ;

(സി) സപ്ലൈകോയുടെ സ്ഥാപനങ്ങളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ പ്രതിദിന വേതനം എത്രയാണ്; ഇത് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

വിലക്കയറ്റവും കമ്പോളത്തിലെ ഇടപെടലും

4596 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും**
**രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ച തോതിലുള്ള വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിലക്കയറ്റം തടയുന്നതിനായി മാർക്കറ്റ് ഇന്റർവെൻഷൻ നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നു വിശദീകരിക്കുമോ;

(സി) വർദ്ധിച്ച തോതിലുള്ള വിലക്കയറ്റം ജനജീവിതം ദുസ്സഹമാക്കിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എസ്സൻഷ്യൽ കമോഡിറ്റീസിന്റെ വരെ വില നിയന്ത്രിക്കുന്നതിൽ സർക്കാരിന് പരാജയമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ഹോട്ടലുകളിലെ വില നിയന്ത്രണം</u>

4597 ഡോ. കെ. ടി. ജലീൽ
ശ്രീ. സാജു പോൾ
,, ബി. ഡി. ദേവസ്സി
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിന്റെ പേരിൽ ഹോട്ടലുകളിൽ ഭക്ഷണ പദാർത്ഥങ്ങൾക്ക് വൻതോതിൽ വില ഈടാക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ഹോട്ടൽ ഭക്ഷണ വിലനിയന്ത്രണത്തിന് അതോറിറ്റി</u>

4598 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങളുടെ വില ഒരു നിയന്ത്രണവുമില്ലാതെ വർദ്ധിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ കഴിയുന്നത്; ആയത് ചെയ്തിട്ടുണ്ടോ;

(സി) ഹോട്ടലുകളിൽ ഭക്ഷണ വില വർദ്ധിപ്പിച്ചാൽ അതിൽ ഇടപെടാൻ അധികാരമുള്ള സ്ഥാപനമേതാണ്; അത്തരം ഇടപെടലുകൾ നടത്താൻ പ്രസ്തുത സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ടോ;

(ഡി) ഹോട്ടലുകളുടെ നിലവാരത്തിനനുസരിച്ച് ഭക്ഷണവില നിയന്ത്രിക്കാൻ നിയമാനുസൃതമായ ഒരു അതോറിറ്റിയെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>സബ് രജിസ്ട്രാർ ഓഫീസുകൾ കമ്പ്യൂട്ടർവത്ക്കരിക്കാൻ പദ്ധതി</u>

4599 ശ്രീ. ലൂഡി ലൂയിസ്
'' എ. റ്റി. ജോർജ്
'' ആർ. സെൽവരാജ്
'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സബ് രജിസ്ട്രാർ ഓഫീസുകൾ കമ്പ്യൂട്ടർവത്ക്കരിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം കേന്ദ്രസഹായമാണ് ഇതിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇവ നടപ്പാക്കുന്നതിന് എത്ര മാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

ആധാരങ്ങളുടെ രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം

4600 ശ്രീ. എം. പി. വിൻസെന്റ്
,, ഡൊമിനിക് പ്രസന്റേഷൻ
,, ഐ. സി. ബാലകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധാരങ്ങളുടെ രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ ഓൺലൈനിൽ ലഭ്യമാകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം കേന്ദ്ര സഹായങ്ങളാണ് ആധാരങ്ങളുടെ രജിസ്ട്രേഷൻ ഓൺലൈൻ ആക്കുന്ന പദ്ധതിക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

ആധാരങ്ങളുടെ ഡിജിറ്റൈസേഷൻ

4601 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ
,, കെ. ശിവദാസൻ നായർ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധാര വിവരങ്ങൾ കമ്പ്യൂട്ടറിലാക്കുന്നതിനുള്ള ഡേറ്റാ എൻട്രി ജോലികൾ സബ് രജിസ്ട്രാർ ഓഫീസുകളിൽ ആരംഭിച്ചുവോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇവ നടപ്പാക്കുന്നതിൽ എത്ര മാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>നാഷണല്‍ ലാന്റ് റെക്കോര്‍ഡ്സ് മോഡേണൈസേഷന്‍ പ്രോജക്ട്</u>

4602 ശ്രീ.പലോട് രവി
''പി. സി. വിഷ്ണുനാഥ്
''ലൂഡി ലൂയിസ്
''എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നാഷണല്‍ ലാന്റ് റെക്കോര്‍ഡ്സ് മോഡേണൈസേഷന്‍ പ്രോജക്ട്, സബ് രജിസ്ട്രാര്‍ ഓഫീസുകളില്‍ നടപ്പിലാക്കാന്‍ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ വിശദമാക്കുമോ;

(സി) ഏതെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇവ നടപ്പിലാക്കുന്നതില്‍ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

മുദ്രപത്രങ്ങളുടെ ക്ഷാമം

4603 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 100, 50 രൂപ നിരക്കിലുള്ള മുദ്രപത്രങ്ങളുടെ ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

ഭൂമി കൈമാറ്റ രജിസ്ട്രേഷൻ

4604 ശ്രീ. കെ. വി. അബ്ദുൾഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും**
**രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി മേഖലയായി വിജ്ഞാപനം ചെയ്യപ്പെട്ട, സംസ്ഥാനത്തെ 123 വില്ലേജുകളിൽ 2013 നവംബർ 13ന് ശേഷം ഭൂമി കൈമാറ്റ രജിസ്ട്രേഷൻ നടന്നിട്ടുണ്ടോ; എങ്കിൽ ഈ കാലയളവിൽ നടന്ന ഭൂമി കൈമാറ്റ രജിസ്ട്രേഷനുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മേൽപ്പറഞ്ഞ 123 വില്ലേജുകളിൽ മേൽപ്പറഞ്ഞ കാലയളവിൽ ഭൂമി കൈമാറ്റ രജിസ്ട്രേഷൻ ഒന്നും നടന്നിട്ടില്ലാത്ത വില്ലേജുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>രജിസ്ട്രേഷൻ വകുപ്പിലെ ഒറ്റത്തവണ തീർപ്പാക്കൽ</u>

4605 ശ്രീ. ജോസഫ് വാഴക്കൻ
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും**
**ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ അണ്ടർ വാല്വേഷൻ കേസുകളിൽ തീർപ്പ് കൽപ്പിക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഇവ നടപ്പാക്കുന്നതിൽ എത്ര മാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 04.02.2014–ലെ മറുപടിക്ക്

<u>വസ്തു രജിസ്ട്രേഷൻ ഫീസിൽ ഇളവ്</u>

T.4606 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത്
,, ആർ. സെൽവരാജ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വസ്തു രജിസ്ട്രേഷൻ ഫീസിൽ ഇളവ് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം തരം രജിസ്ട്രേഷനുകൾക്കാണ് ഫീസിളവ് വരുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് നികുതി വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എന്ന് മുതലാണ് ഫീസിളവിന് പ്രാബല്യം നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ചിട്ടിക്കമ്പനികളുടെ രജിസ്ട്രേഷൻ</u>

4607 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ചിട്ടിക്കമ്പനികളുടെ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ചിട്ടിക്കമ്പനികളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട നിബന്ധനകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) നിഷ്ക്കർഷിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായാണോ ചിട്ടിക്കമ്പനികൾ പ്രവർത്തിക്കുന്നത്; ആയത് പരിശോധിക്കുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനങ്ങൾ ഉണ്ടോ;

(ഡി) ചിട്ടിക്കമ്പനികളിൽ പണം അടക്കുന്ന ആളുകൾക്ക് പണം നഷ്ടപ്പെടാതെ തിരിച്ച് ലഭിക്കുമെന്ന് ഉറപ്പ് നൽകാൻ കഴിയുമോ;

(ഇ) രജിസ്ട്രേഷനുള്ള എത്ര ചിട്ടിക്കമ്പനികളാണ് 2012-13 വർഷത്തിൽ ജനങ്ങളെ പറ്റിച്ച് അടച്ചു പൂട്ടിയത് എന്ന് വിശദമാക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ആധാരം എഴുത്തുകാരുടെ തൊഴിൽ സുരക്ഷ</u>

4608 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ നടത്തിയിരിക്കുന്ന ആധാരം എഴുത്തുകാർ എത്ര പേരുണ്ട്;

(ബി) ആധാരം എഴുത്ത് കമ്പ്യൂട്ടർവത്കരിക്കുമ്പോൾ ആധാരം എഴുത്തുകാരുടെ തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആധാരം എഴുത്തുകാരുടെ ആശങ്കകൾ അകറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകാമോ?

# കേരള നിയമസഭ
# 04.02.2014–ലെ മറുപടിക്ക്

കോഴിക്കോട്- കക്കോടി സബ് രജിസ്ട്രാർ ആഫീസ് കെട്ടിട നിർമ്മാണം

4609 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും**

**വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കക്കോടി സബ്–രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കാനുള്ള നടപടിയുടെ പുരോഗതി വെളിപ്പെടുത്താമോ;

(ബി) കക്കോടി സബ്–രജിസ്ട്രാർ ഓഫീസിന് ആവശ്യമായ സ്ഥലം സൗജന്യമായി നൽകിയ പെക്കിരാത്ത് അശോകൻ മേനോക്കിക്ക് ഭൂമി സൗജന്യമായി നൽകിയതിന് പകരം എന്തെങ്കിലും ഉറപ്പ് നൽകിയിരുന്നോ എന്ന് വെളിപ്പെടുത്താമോ?